രാജീവ് ആവാസ് യോജന

292 (3273) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ആവാസ് യോജന പദ്ധതിക്ക് ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിനും എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പദ്ധതിയിൽ ഉപഭോക്തൃ വിഹിതം നിശ്ചയിക്കുന്നതിൽ ഗുണഭോക്താവിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) രാജീവ് ആവാസ് യോജന (ആർ.എ.വൈ.) പദ്ധതിയിൽ ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ക്ലസ്റ്റർ വികസന സമിതികൾ രൂപീകരിക്കുകയും പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ക്ലസ്റ്റർ യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്യുന്നു. പ്രദേശത്തെ 70% കുടുംബങ്ങളുടെയെങ്കിലും അംഗീകാരത്തോടെ മാത്രമേ ഡി.പി.ആർ. സംസ്ഥാന-കേന്ദ്ര സർക്കാരുകൾ പരിഗണിക്കുകയുള്ളൂ. ഇത്തരത്തിൽ പദ്ധതി ആസൂത്രണ നിർവ്വഹണ നിർവ്വഹണാനന്തര ഘട്ടങ്ങളിൽ ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നു. കൂടാതെ വീട് നിർമ്മാണത്തിൽ ഗുണഭോക്തൃവിഹിതമായി ഒരു ശ്രേണി ഗുണഭോക്താക്കൾ അടയ്ക്കേണ്ടതാണ്. ഗുണഭോക്താവിന്റെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താവും നഗരസഭാ സെക്രട്ടറിയും തമ്മിൽ ഉഭയകക്ഷി കരാറിൽ ഏർപ്പെടുന്നു. ജി.ഒ.(ആർറ്റി.) നമ്പർ 171/2013/ത.സ്വ.ഭ.വ. തീയതി 22-1-2013 പ്രകാരമുള്ള പ്രസ്തുത കരാർ മുഖേന ഗുണഭോക്താവിന് പദ്ധതിയിലൂടെ ലഭിക്കുന്ന സേവനങ്ങളും അവ ലഭ്യമാക്കേണ്ട സമയപരിധിയും ഉറപ്പുനൽകുന്നു.

(ബി) സംസ്ഥാനത്ത് രാജീവ് ആവാസ് യോജന (ആർ.എ.വൈ.) പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ സാമൂഹിക സാമ്പത്തിക നില കണക്കിലെടുത്താണ് ഗുണഭോക്തൃ വിഹിതം നിർണ്ണയിച്ചിട്ടുള്ളത്. G.O.(Rt) No. 1452/2012/LSGD dated 26-5-2013 പ്രകാരം ആശ്രയ ഗുണഭോക്താക്കൾ, വിഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ എന്നിവരുടെ കുടുംബങ്ങൾ എന്നിവർ ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതില്ല. എസ്സി./എസ്റ്റി./ഒ.ബി.സി., ബി.പി.എൽ. കുടുംബങ്ങൾ, വനിതകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾ എന്നിവർക്ക് കുറഞ്ഞ ഗുണഭോക്തൃ വിഹിതമാണ് നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly